# സ്വസ്തി

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ഇടവക വാർത്ത പത്രിക | 2026 മാർച്ച് – ഏപ്രിൽ



## ഡിജിറ്റൽ യുഗവും കേരള സഭയും


Congratulations
Wedding
10/05/2026
SHALTON CORREYA
&
TINA MARY


Congratulations
Wedding
20/04/2026
Milan Borgia
&
Anjal Shalet



# സ്വസ്തി

2026 മാർച്ച്– ഏപ്രിൽ

രക്ഷാധികാരി

**റവ. ഫാ. അഗസ്റ്റിൻ സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**

ചീഫ് എഡിറ്റർ

**ജയ്സൺ റ്റി.ജോൺ തെക്കെവിള**

മാനേജിംഗ് എഡിറ്റർ

**ഫിലോമിന ജോഷി**

പത്രാധിപസമിതി

**ജോസ് ഡിക്സൻ കെ.എക്സ്.**
**ഫ്രാൻസിസ് ഡിക്രൂസ്, ആന്റണി രാജു**
**റീന ബെനഡിക്ട്, ജിനി ബാറ്റൺ,**
**ഷാൾട്ടൻ കൊറയ, ജോയൽ ജോണി**

ഉപദേശക സമിതി

**റവ. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.**
(സഹവികാരി)

**കെ.ജെ. ബെനഡിക്ട്**
(ലീഡർ, ഫാമിലി യൂണിറ്റ്,
കേന്ദ്ര നിർവ്വാഹക സമിതി)

**ജിപ്സൻ സിക്കേര**
(ചീഫ് ഫോട്ടോഗ്രാഫർ ദി ടൈംസ് ഓഫ് ഇന്ത്യ)

## അകത്താളുകളിൽ

എഡിറ്റോറിയൽ
ഇടയമൊഴി
സ്വർഗം കാതോർത്ത സംഗീതം
ആണവോർജം ഉത്തരവാദിത്വത്തോടെ
ഉപയോഗിക്കണം
ആഴങ്ങളിൽ ഒരു മാലാഖയുടെ മുഖം
പ്രാർഥന
പ്രതീക്ഷകൾ പാറ്റ നക്കുമോ
കരുണാമയൻ
ഇടവക വാർത്തകൾ

---

Layout : **L.F. Press, Manjummel**
Cover Design : **Fr. Albin Thomas OCD**

എഡിറ്റോറിയൽ



# കണ്ടറിയണം കണ്ടന്റുകൾ

**കൗ**മാരക്കാരുടെ മാനസികാരോഗ്യം മുൻ കാലങ്ങളിലേതിനേക്കാൾ തകർന്നതിന് പ്രധാന കാരണം സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനം ആണെന്ന് പഠനം തെളിയിച്ചിട്ടുണ്ട്. വിനോദം എന്ന രീതിയിൽ നാം കാണുന്ന ഉപാധികൾ വിനാശം തന്നെയായി മാറുന്നത് വേണ്ട വിധം ശ്രദ്ധിക്കപ്പെടാതെ പോകുന്നു.



ആ സാമൂഹ്യ മാധ്യമ ലോകത്ത് വ്യക്തികളുടെ കഴിവിനെ ബാഹ്യരൂപവുമായി താരതമ്യം ചെയ്യുന്ന വിഷലിപ്തമായ ഉള്ളടക്കങ്ങൾ മനുഷ്യ ജീവിതങ്ങളെ ദിശ തെറ്റിക്കുന്നു. അബദ്ധങ്ങൾ ആചാരങ്ങളാകുന്നു. നുണ സത്യത്തെക്കാൾ ആനുകൂല്യം നേടുന്നു. ചിലരുടെ വികാര വിക്ഷോഭങ്ങളിൽ വിപരീതഫലം നൽകുന്നതു മാത്രം പെറുക്കിയെടുത്ത് പ്രചരിപ്പിച്ചാൽ ചിലപ്പോൾ അത് അധികാര നഷ്ടത്തിലേക്ക് വരെ നയിക്കാം എന്ന മാധ്യമ കുതന്ത്രം ഇപ്പോൾ കേരള സമൂഹം ചർച്ച ചെയ്യുന്നു. ബൈബിൾ വചനങ്ങളുടെ സ്റ്റാറ്റസ് അല്ല, വചനാധിഷ്ഠിത ജീവിതം തന്നെയാവണം നമ്മുടെ സ്റ്റാറ്റസ് നിലനിറുത്തേണ്ടത്. ഇതാണ് പ്രഥമ ദൗത്യം ; ഇതുതന്നെയാണ് പ്രധാന വെല്ലുവിളിയും !

ലോകത്തെ വിനിമയ സങ്കേതങ്ങളെ ആദ്യം സ്വീകരിക്കുന്നത് കത്തോലിക്ക സഭയാണ്. റേഡിയോ കണ്ടുപിടിച്ച മാർക്കോണിയാണല്ലോ വത്തിക്കാൻ റേഡിയോ ഉദ്ഘാടനം ചെയ്തത്! എന്നാൽ, സൈബർ ലോകത്ത്, നൻമയുടെ സന്ദേശങ്ങൾ ലൈക്കും ഷെയറും പ്രചാരവും നേടാൻ സമയം എടുക്കും. അത് കാര്യമാക്കേണ്ടതില്ല. വൈറസ് പോലെ പടർന്നു പിടിക്കുന്നു എന്ന തിൻമാധിഷ്ഠിത വിവക്ഷയിൽ നിന്നാണ് 'വൈറൽ' എന്ന പ്രയോഗം പോലും ഉടലെടുത്തതെന്നുമോർക്കാം.

ആത്യന്തികമായി വിജയിക്കുന്ന ഉള്ളടക്കങ്ങൾ അഥവാ കണ്ടന്റുകൾ മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ടവ തന്നെയാണ് !

അതിൽ ആദ്യം നിലകൊള്ളുക സുവിശേഷവും.

**ജയ്സൺ റ്റി. ജോൺ**
ചീഫ് എഡിറ്റർ






# ഇനിയും കണ്ടുമുട്ടാം


**നി**ങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുക എന്ന ആഹ്വാനം സോഷ്യൽ മീഡിയയിലൂടെ നിവർത്തിക്കാർ ശ്രമിക്കുന്നവരാണ് നമ്മിൽ അധികം പേരും. ഒരു നല്ല മഹത് വചനം ലഭിച്ചാൽ അത് വായിച്ചു നോക്കുക പോലും ചെയ്യാതെ, സിക്സറടിക്കും പോലെ മറ്റവർക്ക് എറിഞ്ഞു കൊടുക്കുന്നതും കാണാം. ഏതു സാങ്കേതികവിദ്യയും പരിശുദ്ധാത്മാവിന്റെ ദാനമാണ്. ദൈവം കരുതിവയ്ക്കുന്നത്, മനുഷ്യന് വെളിപ്പെട്ടു കിട്ടുന്നവയാണ് കണ്ടുപിടുത്തങ്ങൾ.

സോഷ്യൽ മീഡിയയുടെ സാധ്യതകൾ വചനമറിയിക്കാൻ പ്രയോജനപ്പെടുത്തേണ്ടവ തന്നെയാണ്. എന്നാൽ, ഈ വെർചൽ മേഖലയ്ക്കപ്പുറം, വിയർപ്പും കണ്ണീരും ചോരയും കലർന്ന ജീവസുറ്റ ആക്ചൽ ലൈഫ് വേറെയുണ്ട്. ആ മേച്ചിൽപുറങ്ങളിലാണ് ഇടയൻ നമ്മെ കാത്തിരിക്കുന്നത്.

ഒരു കാര്യം കൂടി, ഈ യാത്രയിൽ ഒരധ്യായം ഇവിടെ പൂർത്തീകരിക്കുകയാണ്. ഇടവക വികാരിയുടെ ചുമതല ഞാൻ ഒഴിയുന്നു. ഇവിടെ, കൈവിളക്കായവർക്കും കണ്ടുമുട്ടിയവർക്കും കൈത്താങ്ങായവർക്കും നന്ദി അർപിക്കുന്നു. ഇനിയും കാണാം. ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

**ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി.**
വികാരി





# നന്ദി!

ഇന്നത്തെ ലോകം അതിവേഗം മാറുന്ന ഒരു ഡിജിറ്റൽ യുഗത്തിലൂടെയാണ് കടന്നുപോകുന്നത്. മനുഷ്യന്റെ ചിന്തകളും ബന്ധങ്ങളും ജീവിതശൈലികളും വരെ സാങ്കേതിക വിദ്യയുടെ സ്വാധീനത്തിൽ പുതുമ കൈവരിക്കുമ്പോൾ, കത്തോലിക്കാ സഭയും കാലത്തിന്റെ മാറ്റങ്ങളോട് സംവദിച്ചുകൊണ്ട് സുവിശേഷത്തിന്റെ പ്രകാശം ലോകത്തിന് പകരുകയാണ്. സോഷ്യൽ മീഡിയയും ഡിജിറ്റൽ മാധ്യമങ്ങളും മനുഷ്യരെ തമ്മിൽ ബന്ധിപ്പിക്കുന്ന വലിയൊരു ശക്തിയായിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ, അവയെ സത്യത്തിനും സ്നേഹത്തിനും മനുഷ്യനന്മയ്ക്കുമായി ഉപയോഗിക്കണമെന്നാണ് സഭ നമ്മെ പഠിപ്പിക്കുന്നത്. Pope Francis പറഞ്ഞതുപോലെ, ഡിജിറ്റൽ ലോകം മനുഷ്യരെ അടുത്തുകൊണ്ടു വരണം; അകറ്റരുത്. അതുപോലെ Pope Benedict XVI ഓർമ്മിപ്പിക്കുന്നത്, പുതിയ സാങ്കേതിക വിദ്യകൾ സുവിശേഷവത്കരണത്തിനുള്ള പുതിയ വഴികളാണ്, എന്നതാണ്. അതിനാൽ ആധുനിക ലോകത്തിന്റെ എല്ലാ സാധ്യതകളെയും ദൈവസ്നേഹത്തിന്റെ സന്ദേശം പങ്കുവയ്ക്കാനുള്ള ഉപാധികളാക്കി മാറ്റേണ്ട ഉത്തരവാദിത്വം ഇന്നത്തെ സഭയ്ക്കുണ്ട്.

കഴിഞ്ഞ ഒരു വർഷക്കാലമായി സഹവികാരിയായി സേവനം ചെയ്യുവാൻ ദൈവം എനിക്കു നൽകിയ അനുഗ്രഹത്തിന് ഞാൻ ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. ഈ യാത്രയിൽ എന്നെ സ്നേഹത്തോടും കരുതലോടും സഹകരണത്തോടും കൂടി ചേർത്തുനിർത്തിയ എല്ലാ സഹോദരങ്ങൾക്കും എന്റെ ആത്മാർത്ഥമായ നന്ദി. ഇനി മൂന്നാറിൽ സെമിനാരി വിദ്യാർത്ഥികളോടൊപ്പം പുതിയൊരു ദൗത്യത്തിലേക്ക് കടക്കുമ്പോൾ, നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും എന്നും എന്നോടൊപ്പമുണ്ടാകണമെന്ന സ്നേഹപൂർവമായ അഭ്യർത്ഥനയോടെ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

**ആൽബിനച്ചൻ**
സഹവികാരി

# സ്വർഗം കാതോർത്ത സംഗീതം



*അതുല്യ സംഗീതകാരൻ ഫാ. ജസ്റ്റിൻ പനക്കൽ ഒ.സി.ഡി. യെ അദ്ദേഹത്തിന്റെ ശിഷ്യനും പൈതലാം യേശുവേ ഉൾപ്പെടെ അനുപമമായ നിരവധി ഗാനങ്ങളുടെ രചയിതാവുമായ ഫാ. ജോസഫ് പാറാംകുഴി സ്വസ്തിക്ക് വേണ്ടി അനുസ്മരിക്കുന്നു.*

**നാ**ട്ടിൽ വായനശാലയുടെ പരിപാടികളിലും ഉത്സവത്തോടനുബന്ധിച്ചുള്ള നാടകങ്ങളിലും പാട്ടെഴുതിയിരുന്ന ഒരു ബാല്യകാലം എനിക്കുണ്ടായിരുന്നു.മുതിർന്ന കലാകാരന്മാരുടെ ആവശ്യപ്രകാരം വാക്കുകളും വരികളും മാറ്റാനും തിരുത്തിയെഴുതാനുമുള്ള കൈത്തഴക്കം അങ്ങനെയാവാം എനിക്ക് ലഭിച്ചത്.കോളേജ് പഠനത്തിന് ശേഷം കലയും കവിതയുമെല്ലാം പൂട്ടിക്കെട്ടി, വൈദിക പഠനത്തിന് ചേരണമെന്ന ആഗ്രഹം എന്നിലുണ്ടായി. അങ്ങനെയാണ് ഞാൻ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ എത്തിയത്. അവിടെ ഞങ്ങളുടെ

പ്രൊഫസർ ആയിരുന്നു ജസ്റ്റിനച്ചൻ. എന്റെ കവിത അങ്ങനെ ഉപേക്ഷിക്കേണ്ടതല്ല എന്ന ദൈവനിശ്ചയം പോലെ, ഒരു ദിവസം ക്ളാസിൽ ജസ്റ്റിനച്ചൻ പറഞ്ഞു : ക്രിസ്മസ് ഗാനങ്ങളുടെ ആൽബത്തിന് വേണ്ടി പാട്ടെഴുതാൻ താല്പര്യമുള്ളവർക്ക് പാട്ടു സമർപ്പിക്കാം. ഞാൻ ഉടനെ തന്നെ അഞ്ചു പാട്ടുകൾ എഴുതി അച്ചന് കൊടുത്തു. റെക്കോർഡിങ്ങിനു മൂന്നു ദിവസം മുൻപ് അച്ചൻ വിളിപ്പിച്ചു, ചോദിച്ചു, ഉണ്ണിയേശുവിനു ഒരു താരാട്ട് എഴുതാമോ എന്ന്. ഒരാളെ എഴുതാൻ ഏല്പിച്ചെങ്കിലും അത് ശരിയായില്ലത്രെ. ഒന്നിന് പകരം മൂന്നു പാട്ടുകൾ ഞാൻ എഴുതിക്കൊടുത്തു. അതിൽ രണ്ടാമത്തേതാണ് പൈതലാം യേശുവേ. ജസ്റ്റിനച്ചൻ ഈണം പകർന്നതോടെ ഒരു സ്വർഗീയ അനുഭൂതി ആ ഗാനത്തിൽ അലയടിച്ചതു ആർക്കും ആസ്വദിക്കാൻ കഴിഞ്ഞു.ഒപ്പം, ഞാൻ ആദ്യം നൽകിയ അഞ്ചു പാട്ടുകളിൽ നാലും അച്ചൻ ആൽബത്തിലേക്കു സ്വീകരിച്ചു.



**യേശുദാസിന് ഈണം പകർന്നു നൽകുന്ന ഫാ. ജസ്റ്റിൻ പനക്കൽ**

യേശുദാസിന്റെ തരംഗിണി മ്യൂസിക്കിന് വേണ്ടിയായിരുന്നു ആ ഗാനങ്ങളെന്നും അതിനു ഇത്ര വിപുല പ്രചാരം ലഭിക്കുമെന്നുമൊക്കെ ഞാൻ അറിഞ്ഞത് തന്നെ ഗാനങ്ങൾ ഇറങ്ങിയ ശേഷമാണ്. 1984-ൽ സ്നേഹപ്രവാഹം എന്ന പേരിലായിരുന്നു ആൽബം. ഏതായാലും റെക്കോർഡിങ്ങിനു ഞാൻ പോയിരുന്നില്ല. അതുകൊണ്ട് തന്നെ യേശുദാസിനെയും ചിത്രയെയും ഒന്നും പരിചയപ്പെടാനും കഴിഞ്ഞില്ല. 1985-ൽ സ്നേഹ സന്ദേശം എന്ന ആൽബത്തിന് വേണ്ടിയും ഞാൻ ഗാനങ്ങൾ രചിച്ചു.

വാസ്തവത്തിൽ ജസ്റ്റിൻ അച്ചനിലെ സംഗീത പ്രതിഭയാണ് എന്റെ ഗാനങ്ങളെ തിരിച്ചറിഞ്ഞത്. അദ്ദേഹം നൽകിയ അവസരമാണ്



**ഫാ. ജസ്റ്റിൻ പനക്കലുമൊത്ത് ലേഖകൻ ദിവ്യബലി അർപ്പിച്ചപ്പോൾ....**

ഉണ്ണിയേശുവിനുവേണ്ടി താരാട്ടു രചിക്കാൻ എന്നെ പ്രാപ്തനാക്കിയത്. തികഞ്ഞ മരിയ ഭക്തനായ അദ്ദേഹം എല്ലാ അർത്ഥത്തിലും പ്രൊഫസ്സർ ആയിരുന്നു. ധ്യാന ഗുരു, സൗമ്യൻ, ശാന്തൻ, പ്രാർഥന ശീലമാക്കിയ സന്യാസവര്യൻ അദ്ദേഹത്തെ ഓർക്കുമ്പോൾ ഇതെല്ലാം വിശേഷണങ്ങളാണ്, എന്നാൽ ഇതിനും അപ്പുറം വർണനാതീതമായ ഒരു കരിസ്മ ആ വ്യക്തിപ്രാഭവത്തിനു ഒപ്പമുണ്ടായിരുന്നു. താലന്തുകളെ ദൈവത്തിനായി സമർപ്പിച്ച, അതിനായി മറ്റുള്ളവരെയും പ്രേരിപ്പിച്ച ഉപാസകൻ.

കാലിനു അസുഖം മൂലം യാത്ര ചെയ്യാൻ കഴിയാതിരുന്ന എന്നെ കാണാൻ അദ്ദേഹം മൂന്നു തവണ ആര്യനാടുള്ള എന്റെ വിശ്രമകേന്ദ്രത്തിൽ വന്നിരുന്നു. നെയ്യാറ്റിൻകര രൂപത ശുശ്രൂഷ കോ ഓർഡിനേറ്റർ മോൺ. റൂഫസ് പയസിനൊപ്പമാണ് ഞാൻ കഴിഞ്ഞിരുന്നത്. ജസ്റ്റിനച്ചന്റെ ദേഹവിയോഗത്തിനും മൂന്നു മാസം മുൻപ് ഞങ്ങൾ ഒന്നിച്ചു വിശുദ്ധ കുർബാനയും അർപ്പിച്ചു. തിരുസഭയ്ക്കും സംഗീതലോകത്തിനും, ഒപ്പം വ്യക്തിപരമായി എനിക്കും തീരാനഷ്ടമാണ് അച്ചന്റെ അസാന്നിധ്യം. സ്വർഗത്തിൽ പുതിയ ഗീതികൾ ഈണമിടാൻ അദ്ദേഹത്തെ ആവശ്യമുണ്ടായിരിക്കാം. പ്രാർത്ഥനകൾ!

## ഫാ. ജോസഫ് പാറാംകുഴി രചിച്ചു ഫാ. ജസ്റ്റിൻ പനക്കൽ ഒ.സി.ഡി. ഈണം പകർന്ന, പ്രസിദ്ധമായ ചില ഗാനങ്ങൾ

| | |
|---|---|
| പൈതലാം യേശുവേ | : (ആലാപനം – കെ.എസ്. ചിത്ര) |
| ദൈവം നിരുപമ സ്നേഹം | : (ആലാപനം – കെ.ജെ. യേശുദാസ്) |
| കർമലനാഥേ വാഴ്ക | : (ആലാപനം – ജെൻസി) |
| ദൈവമേ നീ എന്റെ രക്ഷാ കോട്ടയും | : (ആലാപനം – കെ.ജെ. യേശുദാസ്) |
| സർവം ഭരിച്ചു സമംഗളം വാഴുവാൻ | : (ആലാപനം – കെ.ജെ. യേശുദാസ്) |
| ദൈവം പിറക്കുന്നു മനുജനായ് ബെത്ലെഹെമിൽ | : (ആലാപനം – കെ.ജെ. യേശുദാസ്) |




# ആണവോർജം ഉത്തരവാദിത്വത്തോടെ ഉപയോഗിക്കണം


*- ലെയോ പതിനാലാമൻ മാർപാപ്പ*


**ആ**ണവോർജം ഉത്തരവാദിത്വത്തോടെ ഉപയോഗിക്കേണ്ടതുണ്ടെന്നും സമാധാനപരമായ ആവശ്യങ്ങൾക്കായിരിക്കണം അതിന്റെ ഉപയോഗമെന്നും ലെയോ പതിനാലാമൻ മാർപാപ്പ. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ത്രിസന്ധ്യാപ്രാർഥനയ്ക്കുശേഷം തീർഥാടകരെ അഭിസംബോധന ചെയ്യവേ ചെർണോബിൽ ആണവ ദുരന്തത്തിൻറെ 40–ാം വാർഷികദിനം അനുസ്മരിച്ചായിരുന്നു മാർപാപ്പയുടെ ആഹ്വാനം. കള്ളന്മാർ നിങ്ങളുടെ സന്തോഷവും സമാധാനവും കവർന്നെടുക്കാൻ അനുവദിക്കരുതെന്നു വ്യക്തമാക്കിയ മാർപാപ്പ, വർധിച്ചുവരുന്ന ശക്തമായ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന്റെ അപകടസാധ്യതകളും മുന്നിൽക്കാണണമെന്നും ഓർമിപ്പിച്ചു.

സാർവത്രിക സഭ ദൈവവിളികൾക്കായുള്ള പ്രാർഥനാദിനം ആചരിച്ച സെൻറ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധകുർബാന മധ്യേ കൈവയ്പ് ശുശ്രൂഷയിലൂടെ പത്തു ഡീക്കന്മാർക്കു മാർപാപ്പ പൗരോഹിത്യം നൽകി.



# ആഴങ്ങളിൽ ഒരു മാലാഖയുടെ മുഖം





എം.വി സ്റ്റീഫൻ

**ഒന്നര വ്യാഴവട്ടക്കാലം കേരളത്തിന്റെ അഗ്നി, രക്ഷാസേനയിൽ സേവനം ചെയ്തു വിരമിച്ച സീനിയർ ഫയർ ആൻഡ് റെസ്ക്യൂ ഓഫിസർ എം.വി സ്റ്റീഫൻ താൻ നടത്തിയ തിരച്ചിൽ ദൗത്യങ്ങളിൽ ചിലതു ഓർത്തെടുത്തപ്പോൾ!**

വർഷങ്ങൾക്കു മുൻപ്, മഞ്ഞുമ്മൽ ദേവസ്വം പാടത്തു പെരിയാറിൽ രണ്ടു കുട്ടികളെ മണൽക്കുഴിയിൽ കാണാതാകുന്നു. മുത്തശ്ശി യോടൊപ്പം കുളിക്കാൻ വന്നതാണ് ഇരുവരും.അവധിയിൽ ആണെങ്കിലും എനിക്ക് കോൾ എത്തി.

പുഴയുടെ ആഴങ്ങളിലേക്ക് ഊളിയിട്ടു ചെല്ലുമ്പോൾ ആദ്യം കണ്ടത് രണ്ടു പിഞ്ചു കാലുകളാണ്. കാലിൽ പിടിച്ചു ജലപ്പരപ്പിലേക്കു ഉയർത്തി ക്കൊണ്ടു വന്നു. അടുത്ത കുട്ടിക്കായി വീണ്ടും പുഴയുടെ അടിത്തട്ടിൽ തിരഞ്ഞപ്പോൾ പൊടുന്നനെ കണ്ടത് ഒരു മാലാഖയുടെ മുഖം! കണ്ണടച്ച് കളഞ്ഞു. ഇത്തരം സന്ദർഭങ്ങളിൽ അപകടത്തിൽപ്പെട്ടവരുടെ മുഖത്ത് നോക്കരുതെന്നു കർശന നിർദേശമുണ്ട്. രക്ഷാപ്രവർത്തകന് ബോധക്ഷയം ഉണ്ടാകാതിരിക്കാനാണ് ഈ മുൻകരുതൽ. കുഞ്ഞിന്റെ മുഖം നദിയുടെ ആഴങ്ങളിൽ കണ്ടപ്പോഴുള്ള മന:പ്രയാസം ഇപ്പോഴും വിവരിക്കാൻ കഴിയുന്നില്ല. അപ്പോൾ പിന്നെ ആ മാതാപിതാക്കളുടെ ദു:ഖം?

18 വർഷം മുൻപ് ഫയർ ഫോഴ്സിൽ ജോലി ലഭിച്ച എനിക്ക് അടിസ്ഥാന പരിശീലനമാണ് ആദ്യം ലഭിച്ചത്. ഫിസിക്കൽ ട്രെയിനിങ്ങും

പരേഡും ഈ കാലത്തു തന്നെയാണ് പഠിക്കുന്നത്. ഈ ബേസിക് ട്രെയിനിങ്ങിനു ശേഷമാണ് ഏതെങ്കിലും കേന്ദ്രത്തിൽ സ്റ്റേഷൻ ട്രെയിനിങ്. അതിനു ശേഷം സീനിയേഴ്സിനൊപ്പം രക്ഷാപ്രവർത്തനത്തിൽ പരിശീലനം. പിന്നീട് വെള്ളത്തിനടിയിലെ രക്ഷാപ്രവർത്തനമായ സ്കൂബാ ട്രെയി നിങ് നേടി. ഈ ട്രെയിനിങ് മികച്ച രീതിയിൽ പൂർത്തിയാക്കാനായതാവാം പല ദൗത്യങ്ങളിലും എന്റെ പേര് ആദ്യം നിർദേശിക്കപ്പെടാൻ കാരണം.

ആലുവയ്ക്കും പെരുമ്പാവൂരിനുമിടയിൽ പെരിയാറിൽ ഒരു ആൺകുട്ടി ഒഴുക്കിൽപ്പെട്ടു. സ്കൂബാ സെറ്റ് ധരിച്ചു നദിയുടെ അടിത്തട്ടിലേക്ക് പോയപ്പോൾ ആശ്ചര്യം തോന്നി, മാലിന്യം തെല്ലുമില്ലാത്ത മണൽകൂനകൾ നിറഞ്ഞ അടിത്തട്ട്. ഒരു മരുഭൂമിയുടെ കാഴ്ച പോലെ. അങ്ങനെ മുന്നോട്ടു പോകുമ്പോൾ ഒരിടത്തു ചളി കട്ടപിടിച്ചു ഉയർന്നു നിൽക്കുന്നു. അതിലേക്കു രണ്ടും കല്പിച്ചു കയ്യിട്ടു ആ കുട്ടിയുടെ കയ്യിലാണ് പിടുത്തം കിട്ടിയത്, ചൂടാറിയിട്ടില്ല. എന്റെ മകന്റെ കയ്യിൽ പിടിക്കുന്ന പോലെയാണ് തോന്നിയത്. ചങ്കു പറിഞ്ഞു പോകുന്ന അവസ്ഥ.

ഇത്തരത്തിൽ എത്രയോ അനുഭവങ്ങൾ. പുഴയുടെ ആഴങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും, ചിലപ്പോഴൊക്കെ ഭയപ്പാടുമുണർത്തും. വെള്ളത്തിനടിയിൽ തെങ്ങിൻ മടലിന്റെ അറ്റം കണ്ടാൽ പാമ്പു തലയാട്ടുകയാണെന്നേ തോന്നൂ, പ്ലാസ്റ്റിക് കവറുകൾ വീർക്കുകയും ചുരുങ്ങുകയും ചെയ്യുന്നത് ഏതോ വെളുത്ത രൂപം കൈകാട്ടി വിളിക്കും പോലെയും തോന്നും. പണ്ട് കേട്ട യക്ഷിക്കഥകൾ മനസ്സിൽ നിന്നും അങ്ങനെ പെട്ടെന്ന് ഒഴിഞ്ഞുപോവില്ലല്ലോ.

കുട്ടികളുടെ മുങ്ങിമരണങ്ങളെ കുറിച്ച് കേൾക്കുമ്പോൾ ആദ്യം ഓർക്കുന്നത് അവർക്കു നീന്തൽ പരിശീലനം നൽകേണ്ടതിന്റെ പ്രാധാന്യമാണ്. നമ്മുടെ സമീപത്തു സമ്പന്നരുടെ മക്കൾ പഠിക്കുന്ന സ്കൂളിൽ നീന്തൽ പരിശീലനത്തിനു സൗകര്യമുള്ളതായി കേട്ടിട്ടുണ്ട്. എന്നാൽ സാധാരണക്കാരുടെ മക്കൾക്കും പരിശീലനം വേണ്ടേ? നോർത്ത് പറവൂർ ഫയർ സ്റ്റേഷനിലെ ജീവനക്കാർ പണം സമാഹരിച്ചു ഒരു നീന്തൽ പരിശീലന കേന്ദ്രം തുടങ്ങിയിരുന്നു. അതിൽ നിരവധി കുട്ടികൾ പരിശീലനം നേടി. ചൂട് ഉയർന്നു വരുന്ന കാലത്തു കുട്ടികൾ ജലാശയങ്ങളെ ആശ്രയിക്കുന്നത് കൂടി വരും എന്നതോർക്കണം. ഇനിയൊരു മുങ്ങിമരണം നമ്മുടെ നാട്ടിൽ സംഭവിക്കരുത്. ഒരു നീന്തൽകുളം തുടങ്ങാൻ മഞ്ഞുമ്മൽ സ്കൂളിന് സ്ഥലം ഒരു പ്രശ്നമല്ലെന്നു കരുതാം.

*******

*(മഞ്ഞുമ്മൽ ഇടവക എയ്ഞ്ചൽ യൂണിറ്റ് മഠത്തിപ്പറമ്പിൽ കുടുംബാംഗമാണ് സ്റ്റീഫൻ. ഭാര്യ പരേതയായ ആശ. ഏകമകൻ ആൽഫി.)*

# 821 പേർക്ക് ദാരുണാന്ത്യം ; കേരളം നടുങ്ങി



സംസ്ഥാനത്തെ ജലാശയങ്ങളിൽ ജീവൻ നഷ്ടമാകുന്നവരുടെ എണ്ണത്തിൽ നടുക്കുന്ന വർധനവ്. കഴിഞ്ഞ ഒരു വർഷത്തിനിടെ 821 പേർക്കാണ് കേരളത്തിലെ വിവിധ ജലാശയങ്ങളിൽ ജീവൻ നഷ്ടമായത്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ മരണങ്ങൾ (157) റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അശ്രദ്ധയും സാഹസികതയുമാണ് ഭൂരിഭാഗം അപകടങ്ങൾക്കും പിന്നിൽ. വരാൻ പോകുന്ന മൺസൂൺ കാലങ്ങളിലടക്കം ജാഗ്രത പാലിച്ചില്ലെങ്കിൽ സ്ഥിതി ഗുരുതരമാകും.

---

സ്വസ്തിയിലേക്കുള്ള നിങ്ങളുടെ രചനകളും പരസ്യങ്ങളും പാരിഷ് ഓഫീസിൽ എത്തിക്കുകയോ swasthieditorial@gmail.com എന്ന ഇ-മെയിലിൽ അയക്കുകയോ ചെയ്യുക.



# പ്രാർഥന

**പ**ന്തക്കുസ്താ തിരുനാളിന്റെ തലേദിവസമായിരുന്നു, വിജിൽ പ്രാർഥന. സംഭാഷണമദ്ധ്യേ പാപ്പാ പറഞ്ഞു : "പ്രാർഥന എന്തെന്നുവച്ചാൽ കർത്താവിനെ നോക്കിയിരിക്കലാണ്. അങ്ങനെ നോക്കിയിരിക്കുമ്പോൾ ഞാൻ ചിലപ്പോൾ ഉറങ്ങിപ്പോകാറുണ്ട്."

പ്രാർഥനയ്ക്കിടെ ഉറങ്ങിയവരുടെ മുൻനിരയിൽ ആദ്യ മാർപാപ്പയായ പത്രോസും കാണും. പിന്നീടുള്ള മാർപാപ്പമാരൊക്കെ പ്രാർഥനയ്ക്കിടെ ഉറങ്ങിയിട്ടുണ്ടാകും. എന്നാൽ അത് തുറന്നുപറയുന്ന ആദ്യ പാപ്പയായിരിക്കും ഫ്രാൻസീസ് പാപ്പാ.

"ചിലപ്പോൾ എന്റെ ചിന്ത മാറിപ്പോകും, മറ്റ് പലതും ഓർത്തിരിക്കും."

പാപ്പാ തുടർന്നു : "ഞാൻ ഉറങ്ങുമ്പോഴും, എനിക്ക് പല വിചാരം വരുമ്പോഴുമെല്ലാം കർത്താവ് എന്നെത്തന്നെ നോക്കിയിരിക്കുകയാണെന്ന് എനിക്കറിയാം. അതാണ് പ്രാർഥന - തമ്പുരാൻ എപ്പോഴും നമ്മെ നോക്കിയിരിക്കുന്നുണ്ടെന്നുള്ള ഓർമ."

**(ഫ്രാൻസിസ് പാപ്പാ ഓർമയായിട്ട് ഏപ്രിൽ 21-ന് 1 വർഷം പിന്നിട്ടു.)**


50th
30-5-2026
P. G. Mathew
&
Philomina Mathew
Pulickal House
ആശംസകളോടെ
മക്കൾ
മരുമക്കൾ
കൊച്ചുമക്കൾ


Congratulations
Wedding
25/04/2026
Joffin John
&
Aleena joseph


നന്ദി
പ്രിയ ബഹുമാനപ്പെട്ട ഇടയന്മാർക്ക്
പ്രാർത്ഥനാശംസകൾ


Congratulations
Wedding
18/05/2026
Prajith Johnson
&
Shani Salin

# സ്വാഗതം





മഞ്ഞുമ്മേൽ അമലോൽഭവമാതാ ഇടവക ദേവാലയ വികാരിയായി നിയുക്തനായ ബഹുമാനപ്പെട്ട

റവ. ഡോ. **ആന്റണി പൊൻവേലി** OCDക്കും

സഹവികാരി

റവ. ഫാ. **ജോജോ ആന്റണി** OCDക്കും

## പ്രാർത്ഥനാശംസകൾ

*Congratulations*

*Wedding*

22/04/2026

**Caran Correya**

**&**

**Ashna Shaji**



# Baptism

12.04.2026

## Resilda Iris Dcunha

D/o **Dillet Dcunha & Caniya Correya**
Vadakkeillikal House.





ചുറ്റുവട്ടം

# പ്രതീക്ഷകൾ പാറ്റ നക്കുമോ

**വ്യാ**ജ ഡിഗ്രി ഉപയോഗിച്ച് വിലസുന്ന ചില വക്കീലന്മാരെ ഉദ്ദേശിച്ചാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് cockroaches എന്ന പദം പ്രയോഗിച്ചത്! എന്നാൽ തൊഴിലില്ലാത്ത ഇന്ത്യൻ യുവത യെയാണ് ചീഫ് ജസ്റ്റിസ് പരിഹ സിച്ചത് എന്ന പേരിൽ ചിലർ രംഗത്ത് വന്നു! ഏതാണ്ട് രണ്ട് മണി ക്കൂറിനുള്ളിൽ ഇന്ത്യയിൽ ഒരു വെർ ചൽ രാഷ്ട്രീയ പാർട്ടി നിലവിൽ വന്നു കോക്റോച്ച് ജനത പാർട്ടി !

ഇന്ത്യ ഭരിക്കുന്ന ഏറ്റവും വലിയ പാർട്ടിയായ ഭാരതീയ ജനതാ പാർട്ടിയുടെ ജനപ്രീതിയെ മറികടന്ന് കോക്റോച്ച് ജനതാ പാർട്ടിക്ക് സോഷ്യൽ മീഡിയയിൽ പിന്തുണ ഒന്നരക്കോടിയിലധിക മായി, അതും വെറും നാല് ദിവസം കൊണ്ട്! ഭരണ സ്വാധീനം ഉപയോ ഗിച്ച് കോക്ക് റോച് ജനത പാർട്ടി യുടെ ട്വിറ്റർ അഥവാ എക്സ് അക്കൗണ്ട് ഇന്ത്യ സർക്കാറിന് പൂട്ടി ക്കാൻ കഴിഞ്ഞു. എന്നാൽ കോക് റോച് ഈസ് ബാക്ക് എന്ന പേരിൽ തുടങ്ങിയ പുതിയ അക്കൗണ്ടിനും വൻ പിന്തുണയാണ് ലഭിക്കുന്നത്.

ഇൻസ്റ്റഗ്രാമിൽ 87 ലക്ഷം പേരുടെ പിന്തുണയുള്ള ഭാരതീയ ജനത പാർട്ടിയെ പിന്തള്ളി കോക് റോച് പാർട്ടിയുടെ followers ഒന്നര കോടിയിലധികമായി വെറും നാലു ദിവസം കൊണ്ട്. നീറ്റ് ചോദ്യപേപ്പർ ചോർച്ച വാർത്തയായതോടെയാണ് താമര കരണ്ട് തിന്നുന്ന പാറ്റയുടെ ചിത്രവുമായി കോക് റോച് ജനത പാർട്ടി സമൂഹ മാധ്യമങ്ങളിൽ തരംഗമായത്! ആം ആദ്മി പാർട്ടി യുടെ മീഡിയ വിഭാഗം കൈകാര്യം ചെയ്തിരുന്ന അഭിജിത് ദീപക് എന്ന യുവാവാണ് ഈ പ്രചാരണ ത്തിന് പിന്നിൽ എന്ന് പറയപ്പെടു ന്നുണ്ട്!

ഇറ്റാലിയൻ പ്രധാനമന്ത്രി മെലാനിയുമൊത്ത് ചോക്കലേറ്റ് പങ്കുവയ്ക്കുന്ന നരേന്ദ്രമോദിയുടെ വീഡിയോ തരംഗമായതിനു പിന്നാ ലെയാണ് കോക്റോചിന്റെ വരവ്. യുവാക്കളുടെ പ്രശ്നങ്ങൾ, ജുഡീ ഷ്യറി നവീകരണം, കൂടുതൽ കടുത്ത കൂറുമാറ്റ നിയമം, പാർലമെൻറിൽ 50 ശതമാനം സ്ത്രീ സംവരണം ഇവ യാണ് സി ജെ പി യുടെ ലക്ഷ്യം. ഏതായാലും കൊടും തണുപ്പിലും കടുത്ത ചൂടിലും ജീവിക്കാൻ കഴിയുന്ന ഏക ജീവിയാണ് കോക് റോച്. ആരുടെയെല്ലാം മധുര പ്രതീക്ഷകൾ പാറ്റ നക്കും എന്നു മാത്രമാണ് ഇനി കണ്ടറിയേണ്ടത്. ●

കവിത

# കരുണാമയൻ



സൂസി സാംസൺ
ക്രൈസ്റ്റ് ദി കിംഗ് ബി. യൂണിറ്റ്



കനിവിന്റെ  പാതയിൽ പാഥേയമായ്
കരുണ തൻ മന്ന പൊഴിച്ചവനെ
കടലിന്റെ ആഴങ്ങൾ പകുത്തു നീക്കി
അലയാഴി പാതയായ് മാറ്റിയല്ലോ.

നിൻ തിരുരക്തവും, മാംസവും നാഥാ നീ
നിത്യം പങ്കിട്ടു പാപികൾക്കേകിയല്ലോ
നീതി തൻ പാതയിൽ വഴി നടത്താൻ
എന്നും തിരുക്കരം തന്നിലായ് അഭയമേകൂ.

ജീവിതം മുഴുവനും നിനക്കായ് മാത്രം
സ്തുതികൾ പാടാൻ എന്നും അനുഗ്രഹിക്കൂ
ലോകത്തിൻ ദിവ്യമാം സ്നേഹവും നീ
കരുണ തൻ കാതലാം യേശുദേവാ.



പുതിയ അധ്യയന വർഷത്തിൽ
വിദ്യാലയങ്ങളിലേക്കും
വിശ്വാസ പരിശീലന ക്ലാസ്സുകളിലേക്കും
പഠനത്തിനായി ഒരുങ്ങുന്ന
എല്ലാ കുഞ്ഞുമക്കൾക്കും
പ്രാർഥനയും ആശംസകളും നേരുന്നു.

# ഓശാന ഞായർ ആചരിച്ചു



വലിയ നോമ്പിലെ വിശുദ്ധ വാരത്തിലേക്ക് കടക്കുന്നതിന്റെ ആരംഭം കുറിച്ചുകൊണ്ട് ഓശാന ഞായർ ഭക്തിപൂർവം ആചരിച്ചു. യേശു ദേവന്റെ ജറുസലേം പ്രവേശനത്തിന്റെ സ്മരണ പുതുക്കി നടന്ന തിരുക്കർമങ്ങളിൽ വിശ്വാസികൾ പങ്കെടുത്തു. ഞായറാഴ്ച രാവിലെ 5.45ന് സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് കുരുത്തോല വെഞ്ചിരിപ്പ് നടന്നു. തുടർന്ന് വെഞ്ചി രിച്ച കുരുത്തോലകളുമായി വിശ്വാസികൾ സെന്റ് ജോസഫ് ഹോസ്പിറ്റ ലിൽ നിന്നും ഗാനങ്ങൾ ആലപിച്ച് ഭക്തിനിർഭരമായ പ്രദക്ഷിണമായി ദേവാ ലയത്തിലേക്ക് നീങ്ങി. പ്രദക്ഷിണം ദേവാലയത്തിൽ എത്തിയതിനെ തുടർന്ന് നടന്ന വിശുദ്ധ കുർബാനയ്ക്ക് സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ ഫാ. ലാൽജു പോളേപ്പറമ്പിൽ ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. യേശുവിന്റെ പീഡാനുഭവ സ്മരണകൾ ഉണർത്തുന്ന വായനകളും പ്രത്യേക പ്രാർഥനകളും ശുശ്രൂഷയുടെ ഭാഗമായി നടന്നു.

# കുരിശിന്റെ വഴി നടത്തി



ഓശാന ഞായർ വൈകിട്ട് 6 മണിക്ക് എഫ്.എം.എം. കോൺവെന്റ്, ഫാത്തിമ മാതാ ദൈവാലയം, ചേരാനല്ലൂർ കടവ്, ഗോഡൗൺ ജംഗ്ക്ഷൻ എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച കുരിശിന്റെ വഴി 6.30ന് ഇടവക ദേവാലയത്തിൽ എത്തിച്ചേർന്നു. തുടർന്ന്, ഫാ. പോൾ നടുവിലത്തയ്യിൽ ഒ.സി.ഡി. വചനപ്രഘോഷണം നടത്തി. കുടുംബ യൂണിറ്റ് ബ്ലോക്ക് ഭാരവാഹികളും സെൻട്രൽ കമ്മറ്റി അംഗങ്ങളും കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി.

# പെസഹാവ്യാഴം ആചരിച്ചു



സ്നേഹത്തിന്റെയും വിനയത്തിന്റെയും സന്ദേശമായി പെസഹാവ്യാഴം. യേശു ക്രിസ്തു തന്റെ ശിഷ്യന്മാരോടൊപ്പം അവസാനമായി കഴിച്ച അന്ത്യഅത്താഴത്തിന്റെയും വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെയും സ്മരണ പുതുക്കി ഇടവകയിൽ പെസഹാവ്യാഴം ആചരിച്ചു. വിനയത്തിന്റെയും സഹോദര സ്നേഹത്തിന്റെയും വലിയ പാഠങ്ങൾ ഓർമിപ്പിക്കുന്നതായിരുന്നു ദേവാലയത്തിലെ ശുശ്രൂഷകൾ. അന്ത്യ അത്താഴ വേളയിൽ യേശു തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനെ അനുസ്മരിച്ചു കൊണ്ട് അസി. വികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി. തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ട് പേരുടെ പാദങ്ങൾ കഴുകി ചുംബിച്ചു. വിനയത്തിന്റെ ഉത്തമ മാതൃകയെന്ന നിലയിൽ ഈ ശുശ്രൂഷ വിശ്വാസികൾക്ക് ആത്മീയ അനുഭൂതിയായി. പെസഹാ വ്യാഴാഴ്ചയിലെ

വിശുദ്ധ കുർബാനയ്ക്ക് സഹവികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു. ഫാ. ആന്റണി ചെറുവള്ളി ഒ.സി.ഡി., ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. വിനു ജോസഫ് ഒ.സി.ഡി. എന്നിവർ സഹകാർമികത്വം വഹിച്ചു. തുടർന്ന് കുടുംബ യൂണിറ്റുകളുടെ നേതൃത്വത്തിൽ 12 മണിവരെ ആരാധന ഉണ്ടായിരുന്നു.



*കാൽകഴുകൽ ശുശ്രൂഷയിൽ പങ്കെടുത്തവർ വികാരിയച്ചനോടും കൊച്ചച്ചനോടും സഹകാർമികരോടുമൊപ്പം.*

## ദു:ഖവെള്ളി ആചരിച്ചു





ദു:ഖവെള്ളിയാഴ്ച രാവിലെ 7-നു കുരിശിന്റെ വഴി ദൈവാലയത്തിൽ നിന്ന് ആരംഭിച്ച് ഗോഡൗൺ ജംഗ്ഷൻ വരെ പോയി. തിരികെ ദൈവാലയത്തിൽ എത്തിച്ചേർന്നു. കുരിശിന്റെ വഴിയുടെ തുടക്കത്തിൽ ഇടവക മതബോധനവിഭാഗം അവതരിപ്പിച്ച 1-ാം സ്ഥലവും 14-ാം സ്ഥലവും പീഡാനു

ഭവ ദൃശ്യാവിഷ്കരണം അതീവ ഹൃദ്യമായിരുന്നു. വൈകിട്ട് 3.30-നു ദൈവ വചന പ്രഘോഷണം, കുരിശാരാധന, ദിവ്യകാരുണ്യ സ്വീകരണം, നഗരികാണിക്കൽ, തിരുസ്വരൂപ ചുംബനം, കബറടക്കം എന്നിവ ഉണ്ടായിരുന്നു. തിരുക്കർമങ്ങൾക്ക് ഫാ. വിനു ജോസഫ് ഒ.സി.ഡി. മുഖ്യകാർമികത്വം വഹിച്ചു.

## ഉയിർപ്പ് ഞായർ ആഘോഷിച്ചു



2026 ഏപ്രിൽ 4 വലിയ ശനി രാത്രി 10.30ന് തീ, തിരി, വെള്ളം വെഞ്ചിരിപ്പ്, ജ്ഞാനസ്നാന വ്രത നവീകരണം, പെസഹാ പ്രഘോഷണം, ദിവ്യബലി, പ്രദക്ഷിണം എന്നിവ ഉണ്ടായിരുന്നു. തിരുക്കർമങ്ങൾക്ക് ഇടവക വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി മുഖ്യകാർമികത്വം വഹിച്ചു. വിശ്വാസപരിശീലന വിഭാഗത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പ് ലൈവായി നടത്തിയത് ഹൃദ്യവും, വിസ്മയകരവും, ആഹ്ലാദകരവും ആയിരുന്നു. തുടർന്ന്, ഞായറാഴ്ച രാവിലെ 7.00നും 9.00നും ദിവ്യബലി ഉണ്ടായിരുന്നു.

## നാമഹേതുക തിരുനാൾ ആഘോഷിച്ചു



മെയ് ആറാം തീയതി രാവിലെ ആറുമണിയുടെ ദിവ്യബലിക്കു ശേഷം അസിസ്റ്റന്റ് വികാരി ഫാ. ആൽബിൻ തോമസ് ഒ.സി.ഡി.യുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു. ഫാ. ആൽബിൻ തോമസ് ഒ.സി.ഡി. ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിച്ചു. വികാരി ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. വിനു ജോസഫ് ഒ.സി.ഡി., ഫാ. നെൽസൺ പുളിക്കൽ ഒ.സി.ഡി. എന്നിവർ സഹകാർമികരായിരുന്നു.

# മഞ്ഞുമ്മൽ സുവിശേഷ മഹോൽസവം - 2026



വഴിയും സത്യവും ജീവനുമായ ദൈവത്തെ വചനത്തിലൂടെ അനുഭവവേദ്യമാക്കാനുള്ള അവസരമാണ് സുവിശേഷ മഹോത്സവമെന്ന് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ ഉദ്ബോധിപ്പിച്ചു. മഞ്ഞുമ്മൽ കർമലീത്താ ധ്യാന കേന്ദ്ര (സി.ആർ.സി.) ത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന മഞ്ഞുമ്മൽ സുവിശേഷ മഹോത്സവം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ബിഷപ്പ്. സമൂഹ ദിവ്യബലിയിലും ബിഷപ്പ് മുഖ്യ കാർമികനായി.



ബൈബിൾ പ്രതിഷ്ഠ ഫാ. വിൽസൺ സ്രാമ്പിക്കൽ ഒ.സി.ഡി.യും കർമലമാതാവിന്റെ തിരുസ്വരൂപ പ്രതിഷ്ഠ ഫാ. അഗസ്റ്റിൻ പുതിയ കുളങ്ങര ഒ.സി.ഡി.യും നിർവഹിച്ചു.

മഞ്ഞുമ്മൽ അമലോത്ഭവ മാതാ ദേവാലയ അങ്കണത്തിൽ ഏപ്രിൽ 24 മുതൽ 28 വരെ നടന്ന വചന മഹോത്സവത്തിൽ, വിവിധ ദിവസങ്ങളിലെ തിരുക്കർമങ്ങൾക്ക് കണ്ണൂർ രൂപത സഹായ മെത്രാൻ ഡോ. ഡെന്നീസ് കുറുപ്പശ്ശേരി, ഫാ. ബെന്നി അച്ചാരുപറമ്പിൽ ഒ.സി.ഡി., ഫാ. ആന്റണി കാനപ്പിള്ളി ഒസിഡി, ഫാ. നെൽസൺ ജോബ് ഒ.സി.ഡി., ഫാ. റാഫ്സൺ പീറ്റർ ഒ.സി.ഡി., ഫാ. ബാബുപോൾ ഒ.സി.ഡി., ഫാ. ജോർജ് കടപ്പുറത്ത് തയ്യിൽ ഒ.സി.ഡി., ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. ബോബി സേവ്യർ ഒ.സി.ഡി., ഫാ. അഗസ്റ്റിൻ പുതിയ കുളങ്ങര ഒ.സി.ഡി. തുടങ്ങിയവർ നേതൃത്വം നൽകി. ദിവസം തോറും ജെറീക്കോ പ്രാർഥന, ജപമാല, സ്തുതിപ്പ്, ദിവ്യബലി, വചന പ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, സ്നേഹവിരുന്ന്, 27 ന് കർമലീത്താ ദിനാചരണം എന്നിവയുമുണ്ടായിരുന്നു. മഹോത്സവത്തിൽ സംബന്ധിക്കാൻ ജില്ലയിലെ വിവിധ ഇടവക കേന്ദ്രങ്ങളിൽ നിന്ന് യാത്രാസൗകര്യം ഒരുക്കിയിരുന്നു.



## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

# നിശ്ചല ദൃശ്യാവിഷ്കാരം



ദു:ഖവെള്ളിയുടെ ഒന്നാം സ്ഥലത്തിന്റെയും 14-ാം സ്ഥലത്തിന്റെയും നിശ്ചല ദൃശ്യാവിഷ്കാരവും, ഉയിർപ്പ് തിരുനാളിന്റെ ദൃശ്യാവിഷ്കരണവും വിശ്വാസ പരിശീലന യൂണിറ്റ് അധ്യാപകരുടെയും പതിമൂന്നാം ക്ലാസ് കുട്ടികളുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു.



## വിശ്വാസ പരിശീലന യൂണിറ്റ് വാർത്തകൾ

# വിശ്വാസോത്സവം നടത്തി



കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ അഖില കേരള ക്രിസ്ത്യൻ മിഷനറിയുടെ സെക്രട്ടറിയും എറണാകുളം സോണിന്റെ കോർഡിനേറ്ററുമായ ജൂഡ് ജോസഫിന്റെയും ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ ഇടവകയിലെ 4-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കായി വിശ്വാസോത്സവം സംഘടിപ്പിച്ചു. ഏപ്രിൽ 18, ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകുന്നേരം 4.30 വരെ ദേവാലയത്തിൽ ആണ് വിശ്വാസോത്സവം നടത്തിയത്.

# ആദ്യകുർബാന സ്വീകരണം നടത്തി

മെയ് 2-ാം തീയതി ശനിയാഴ്ച ഇടവകയിലെ 55 കുട്ടികൾ ആദ്യകുർബാന സ്വീകരിച്ചു. ഫാ. സ്റ്റീജൻ കണക്കശ്ശേരി ഒ.സി.ഡി., ഫാ. ആൽബിൻ തോമസ് ഒ.സി.ഡി., ഫാ. ഡാനി ആന്റണി ഒ.സി.ഡി., ഫാ. വിനു ജോസഫ് ഒ.സി.ഡി., ഫാ. റോബിൻ കോയ്മ്മക്കാട് ഒ.സി.ഡി., ഫാ. ഷോൺ ഒ.സി.ഡി., ഫാ. മാർട്ടിൻ ഒ.സി.ഡി., ഫാ. ജെയ്സൺ പുതുമാടശ്ശേരി ഒ.സി.ഡി., ഫാ. പോൾ നടുവിലതൈയ്യിൽ ഒ.സി.ഡി., ഫാ. ഫ്രാൻസിസ് ഒ.സി.ഡി. എന്നിവരുടെ സാന്നിധ്യത്തിൽ വൈകിട്ട് 3:30 ന് ആഘോഷമായ ദിവ്യബലി അർപ്പിക്കപ്പെട്ടു.



## നവാതിഥികൾ

1) **എരൻ നോഹ കൊറയ**
D/o അമ്പാട്ട് എൽട്ടൻ കൊറയ & റെനീറ്റ റോഡ്രിക്സ്
2) **എയ്സൽ സിറിൾ**
D/o തൗണ്ടയിൽ ലികേഷ് & മേരി സിൽഡ സിറിൾ
3) **റെസിൽഡ ഐറിസ് ഡികുൻഹ**
D/o വടക്കെ ഇല്ലിക്കൽ ഡില്ലറ്റ് ഡിക്കുൻഹ & ക്യാനിയ കൊറയ
4) **അസ്‌ലിൻ ഐനാൻ**
S/o കോണത്ത് ജോജി ജോസ് & സാന്ദ്ര സേവ്യർ
5) **നില മിറിയം അഖിൽ**
D/o കാനപ്പിള്ളി അഖിൽ സെബാസ്റ്റിൻ & ഹെല്ലത്ത് രാജൻ
6) **ഹെലേയ്ൻ സാറാ**
D/o ചൂരേപ്പറമ്പിൽ ജിതിൻ എബ്രഹാം & ശാലിനി ഷാജു
7) **ഹെഗൻ ലൂക്ക്**
S/o ചൂരേപ്പറമ്പിൽ ജിതിൻ എബ്രഹാം & ശാലിനി ഷാജു
8) **തൻവിക് പോൾ**
S/o തൊട്ടിപ്പറമ്പിൽ പോൾസൺ & ദീപ്തി
9) **എസേക്ക് റാഫേൽ റോൺ**
S/o പീടികപ്പറമ്പിൽ റോൺ മാർട്ടിൻ & മേരി റ്റിഫിയ
10) **ഔറേലിയ യിസബെൽ നിജിത്ത്**
D/o കോതേത്ത് നിജിത്ത് ജോർജ് & വിൽബി പോൾ

## ഒന്നായവർ



1) **ചാൾസ് ജോസഫ്** ഇരിങ്ങോലിൽ &
**അന്ന ക്ലിന്റി ജോസഫ്** പാവനത്തറ
2) **മിലൻ ബോർജിയ** വേലശ്ശേരി &
**അഞ്ചൽ ഷാലറ്റ്** ഇലവുങ്കൽ
3) **ക്യാരൻ കൊറയ** പൂവത്തുംപറമ്പിൽ &
**ആഷ്ന ഷാജി** അപ്പച്ചികുളത്തിൽ
4) **ജോഫിൻ ജോൺ** വലിയപറമ്പിൽ &
**അലീന ജോസഫ്** പന്ത്രണ്ടിൽ

# നിത്യതയിലേക്ക്



**ഫാ. ജസ്റ്റിൻ പനക്കൽ ഒ.സി.ഡി.**



**ലില്ലി** ആന്റണി
പൊക്കോലിൽ



**ഐ.ജെ. പയസ്**
ഇരിങ്ങോലിൽ



**എം.എം. ജോൺസൺ**
മഠത്തിപ്പറമ്പിൽ




**കെ.ഒ. സേവ്യർ**
കോയ്മക്കാട്



**മേരി റാഫേൽ**
തെക്കുംപുറത്ത്

## വേർപാടിന്റെ ഒരു വർഷം

22|04|2026



# എ. എൽ. ബേബി
## അമ്പലത്തും പറമ്പിൽ

07|07|1939 - 22|04|2025

ദുഃഖ സ്മരണകളോടെ:
കുടുംബാംഗങ്ങൾ

# 50 രൂപമുതൽ കണ്ണടകൾ

**ഡ്രൈവിംഗ് ലൈസൻസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതാണ്.**

## FREE COMPUTERISED EYE TESTING

## QUALITY OPTICALS

Society Building, Metro Pillar No.: 249
N. Kalamassery, Ernakulam

9895161623
9447104023